**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1293** **01-02-2024 - ൽ മറുപടിയ്ക്ക്**

**വല്ലാർപാടം കണ്ടെയിനർ റോഡിലെ പാലങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | നിർമ്മാണം പൂർത്തീകരിച്ച വല്ലാർപാടം കണ്ടെയിനർ റോഡിലെ മൂലമ്പിള്ളി-കോതാട്, മൂലമ്പിള്ളി-മുളവുകാട്, കോതാട്-ചേരാമല്ലൂർ ഉൾപ്പെടെയുള്ള പാലങ്ങളുടെ തൂണുകളുടെ കോൺക്രീറ്റ് ദ്രവിച്ച് കമ്പികൾ കാണുന്ന സാഹചര്യത്തിൽ പാലങ്ങളുടെ ഉറപ്പ് വിലയിരുത്തുന്നതിനായി പരിശോധന നടത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | ദേശീയപാത അതോറിറ്റിയുടെ കീഴിൽ വരുന്ന നിർമ്മാണം പൂർത്തീകരിച്ച വല്ലാർപാടം കണ്ടെയിനർ റോഡിലെ കോൺക്രീറ്റ് ദ്രവിച്ച് കമ്പികൾ തെളിഞ്ഞു കാണുന്ന പാലങ്ങളിൽ NHAI യുടെ നേതൃത്വത്തിൽ വിദഗ്ദ്ധ പരിശോധന നടന്നിട്ടുണ്ട്. പരിശോധന നടത്തിയ വിദഗ്ദ്ധർ ശിപാർശ ചെയ്തത് പ്രകാരം താത്കാലിക പരിഹാര നടപടികളും ദീർഘകാല പരിഹാര നടപടികളും നടപ്പിലാക്കേണ്ടതുണ്ട് എന്നാണ് NHAI അറിയിച്ചത്. അതുവരെ പാലങ്ങളിലൂടെയുള്ള ഗതാഗതത്തിന് Single lane/Single Truck എന്ന രീതിയിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതായി ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |
| (ബി) | മേല്പറഞ്ഞ പാലങ്ങളിലൂടെ സഞ്ചരിക്കുന്ന യാത്രക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പാലങ്ങളുടെ അറ്റകുറ്റപണി നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ? | (സി) | NHAI യുടെ നേതൃത്വത്തിൽ പാലങ്ങളുടെ അറ്റകുറ്റപ്പണി നടത്തുന്നതിന്റെ ഭാഗമായി വിശദമായ under water investigation നടത്തി എസ്റ്റിമേറ്റ് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് ‘under water repairing’ നടത്തുന്നതിന് ഏജൻസിയെ നിയോഗിച്ച് അടിയന്തരമായി പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ കഴിയും എന്ന് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ